ഡി.എം.കെ ഭീഷണി വെറും തട്ടിപ്പ്

ചെന്നൈ: ഡി.എം.കെ-കോൺഗ്രസ് സീറ്റുവിഭജന തർക്കം പ്രഹസനമായിരുന്നുവെന്ന് എ.ഐ.എ.ഡി.എം.കെ നേതാവ് ജയലളിത അഭിപ്രായപ്പെട്ടു. പാർട്ടിയുടെ താത്പര്യങ്ങൾക്കുവേണ്ടിയാണ് കരുണാനിധി പിന്തുണ പിൻവലിക്കുമെന്ന് ഭീഷണിപ്പെടുത്തിയത്. മുല്ലപ്പെരിയാർ ഉൾപ്പെടെയുള്ള അന്തർ സംസ്ഥാന ജല തർക്കങ്ങളിൽ കരുണാനിധി ഈ നിലപാട് സ്വീകരിച്ചില്ലെന്ന് ജയലളിത കുറ്റപ്പെടുത്തി.

ദലൈലാമ രാഷ്ട്രീയം വിടുന്നു

ധർമ്മശാല: തിബറ്റിന്റെ രാഷ്ട്രീയകാര്യങ്ങളിൽനിന്ന് താൻ പിന്മാറുമെന്ന് ആത്മീയ നേതാവ് ദലൈലാമ വ്യക്തമാക്കി. തിരഞ്ഞെടുക്കപ്പെടുന്ന ഒരു പ്രതിനിധിക്കായിരിക്കും അധികാരം കൈമാറുക. 1959 ലെ ചൈനീസ് അധിനിവേശത്തിനെതിരെ നടന്ന തിബറ്റൻ മുന്നേറ്റത്തിന്റെ വാർഷികത്തിലാണ് ദലൈലാമ ഈ പ്രഖ്യാപനം നടത്തിയത്.

പൊലീസിനെ പറഞ്ഞിട്ട് കാര്യമില്ല

ന്യൂഡൽഹി : കോളേജ് വിദ്യാർത്ഥിനി പട്ടാപ്പകൽ വെടിയേറ്റു മരിച്ചതിന് പൊലീസിനെ കുറ്റം പറഞ്ഞിട്ട് കാര്യമില്ലെന്ന് ഡൽഹി മുഖ്യമന്ത്രി ഷീലാ ദീക്ഷിത്. സംഭവം കണ്ടവർ ഒന്നു പ്രതികരിക്കുകയോ കുട്ടിയെ ആശുപത്രിയിലെത്തിക്കാൻ സഹായിക്കുകയോ ചെയ്തില്ല.

മദ്യശാല അനാശാസ്യം: താക്കറെയുടെ ചെറുമകനും പ്രതി

മുംബയ് : വനിതകൾക്കുള്ള മദ്യശാലയിൽ അനാശാസ്യ പ്രവൃത്തികൾക്ക് സൗകര്യം ഒരുക്കിയതിന് ശിവസേന തലവൻ ബാൽ താക്കറെയുടെ ചെറുമകൻ നിഹാർ താക്കറെയ്ക്കെതിരെ പൊലീസ് കേസെടുത്തു. ബാറിന്റെ ഉടമകളിൽ ഒരാളായ നിഹാർ ഒളിവിലാണ്. നടത്തിപ്പുകാരായ മൂന്നുപേരെ അറസ്റ്റ് ചെയ്തു. ബാൽ താക്കറെയുടെ പതിനഞ്ചു വർഷം മുമ്പ് അപകടത്തിൽ മരിച്ച മൂത്തമകൻ ബിന്ദയുടെ മകനാണ് നിഹാർ. പൊലീസ് ഒമ്പതു സ്ത്രീകളെ രക്ഷപ്പെടുത്തി.

ഗെയിംസ് അഴിമതി 20 കേന്ദ്രങ്ങളിൽ റെയ്ഡ്

ന്യൂഡൽഹി : കോമൺവെൽത്ത് ഗെയിംസ് ക്രമക്കേടുമായി ബന്ധപ്പെട്ട് ഡൽഹിയിലെ 17 കേന്ദ്രങ്ങളിലും മുംബയിൽ രണ്ടിടത്തും കൊൽക്കത്തയിൽ ഒരു കേന്ദ്രത്തിലും സി.ബി.ഐ റെയ്ഡ് നടത്തി. സംഘാടകരുമായി ബന്ധപ്പെട്ട കേന്ദ്രങ്ങളാണിവ. കേസിൽ പുതുതായി മൂന്ന് എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തു. ശിവാജി സ്റ്റേഡിയവും തൽക്കത്തോറ സ്റ്റേഡിയവും പുതുക്കിപ്പണിതതിലും കൺസൾട്ടന്റുമാരെ നിയമിച്ചതിലും സംഘാടക സമിതി ഗുരുതരമായ ക്രമക്കേടും സാമ്പത്തിക തിരിമറിയും നടത്തിയെന്നാണ് പുതിയ എഫ്ഐ.ആറുകളിൽ പറയുന്നത്.

കേരള മുഖ്യമന്ത്രിക്കെതിരെ പറഞ്ഞിട്ടില്ല: പൃഥ്വിരാജ് ചവാൻ

ന്യൂഡൽഹി: കേന്ദ്രവിജിലൻസ് കമ്മിഷണറായി പി. ജെ. തോമസിനെ നിയമിച്ചതുമായി ബന്ധപ്പെട്ട് കേരള മുഖ്യമന്ത്രിക്കെതിരെ താൻ പ്രതികരിച്ചിട്ടില്ലെന്നു മഹാരാഷ്ട്ര മുഖ്യമന്ത്രി പൃഥ്വിരാജ് ചവാൻ പറഞ്ഞു. കേരളത്തിൽ ചീഫ് സെക്രട്ടറി ആയിരുന്ന ആളാണ് പി. ജെ. തോമസ് എന്നുമാത്രമാണ് പറഞ്ഞത്.

ടു-ജി സ്പെക്ട്രം ഇടപാട്

കനിമൊഴിയെ രണ്ടാഴ്ചയ്ക്കകം സി. ബി. ഐ ചോദ്യം ചെയ്യും

ന്യൂഡൽഹി : ടു-ജി സ്പെക്ട്രം അഴിമതിക്കേസിൽ തമിഴ്നാട് മുഖ്യമന്ത്രി കരുണാനിധിയുടെ മകളും പാർലമെന്റ് അംഗവുമായ കനിമൊഴിയെ ചോദ്യം ചെയ്യുമെന്ന് സി.ബി.ഐ വൃത്തങ്ങൾ സൂചിപ്പിച്ചു. ഈ മാസം 31-നകം കുറ്റപത്രം നൽകണമെന്ന് കേസിന്റെ മേൽനോട്ടം വഹിക്കുന്ന സുപ്രീംകോടതി നിർദ്ദേശിച്ചിട്ടുണ്ട്. അതിനാൽ കനിമൊഴിയുടെ ചോദ്യം ചെയ്യൽ നീട്ടിക്കൊണ്ടുപോകാനോ ഒഴിവാക്കാനോ കഴിയില്ല.

കരുണാനിധി കുടുംബത്തിന്റെ ഉടമസ്ഥതയിലുള്ള കലൈഞ്ജർ ടിവിയിൽ കനിമൊഴിക്ക് 20 ശതമാനം ഓഹരിയുണ്ട്. ഈ സ്ഥാപനത്തിലേക്ക് സ്വാൻ ടെലികോം പ്രൊമോട്ടറായ ഷാഹിദ് ബൽവയുടെ ഡിബി റിയാൽട്ടി സ്ഥാപനം 200 കോടി രൂപയാണ് അനധികൃതമായി നൽകിയത്. പ്രത്യുപകാരമായി കുറഞ്ഞ നിരക്കിൽ ടു-ജി ലൈസൻസ് ബൽവയ്ക്ക് ലഭിക്കുകയും ചെയ്തു. ലൈസൻസ് കിട്ടിയ ബൽവയും അതുകൊടുത്ത മന്ത്രിയായിരുന്ന എ. രാജയും ജയിലിലാണ്. പണം വാങ്ങിയ സ്ഥാപനത്തിന്റെ ഉടമയായ കനിമൊഴിയെ ഈ സാഹചര്യത്തിൽ ഒഴിവാക്കാൻ കഴിയില്ല.

കലൈഞ്ജർ ടിവിയുടെ മാനേജിംഗ് ഡയറക്ടർ ശരത്കുമാറിനെ വീണ്ടും ചോദ്യം ചെയ്യും. ബൽവയിൽനിന്ന് പണം വാങ്ങിയിട്ടില്ലെന്നാണ് ശരത്കുമാർ മൊഴി നൽകിയിരിക്കുന്നത്. കനിമൊഴിയുടെ അമ്മ ദയാലു അമ്മാളും ചാനലിലെ ഓഹരി ഉടമ ആണെങ്കിലും അതിന്റെ നടത്തിപ്പുമായി യാതൊരു ബന്ധവും ഇല്ല. അതിനാൽ അവരെ ചോദ്യം ചെയ്യേണ്ട ആവശ്യമില്ലെന്ന് സി.ബി.ഐ കരുതുന്നു.

സീറ്റുതർക്കത്തിന്റെ പേരിൽ കരുണാനിധി ഉയർത്തിയ പിന്തുണ പിൻവലിക്കൽ ഭീഷണി മകളെ കേസിൽ നിന്ന് രക്ഷപ്പെടുത്താനാണെന്ന് ആക്ഷേപം ഉയർന്നിരുന്നു.

പി.എ.സി മുമ്പാകെ സി.ബി.ഐ മേധാവി

ടു-ജി സ്പെക്ട്രം ലൈസൻസ് ഇടപാടിലെ സാമ്പത്തിക തിരിമറി അന്വേഷിക്കുന്ന പബ്ളിക് അക്കൗണ്ട്സ് കമ്മിറ്റി മുമ്പാകെ ഇന്നലെ സി.ബി.ഐ മേധാവി എ.പി. സിംഗ് ഹാജരായി അന്വേഷണ വിവരങ്ങൾ കൈമാറി. പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി ടി. കെ. എ. നായരോടും ക്യാബിനറ്റ് സെക്രട്ടറി കെ. എം. ചന്ദ്രശേഖറിനോടും ഹാജരാകാൻ സമിതി നിർദ്ദേശിച്ചു.

ജെ.പി.സി യോഗം 24-ന്

സംയുക്ത പാർലമെന്ററി സമിതിയുടെ ആദ്യ യോഗം ഈ മാസം 24-ന് ചേരുമെന്ന് സമിതി അദ്ധ്യക്ഷൻ പി.സി. ചാക്കോ അറിയിച്ചു. അന്വേഷണ വിഷയങ്ങൾഅന്ന് തീരുമാനിക്കും.

തമിഴ്നാട്ടിൽ തമിഴ്പുലി ക്യാമ്പുകൾ: ശ്രീലങ്ക

ജയരത്നെ

കൊളംബോ: നിരവധി തമിഴ്പുലികൾ തമിഴ്നാട്ടിലെ മൂന്ന് രഹസ്യ ക്യാമ്പുകളിൽ സൈനിക പരിശീലനം നടത്തിവരുന്നതായി രഹസ്യ വിവരം ലഭിച്ചുവെന്ന് ശ്രീലങ്കൻ പ്രധാനമന്ത്രി ജയരത്നെ വെളിപ്പെടുത്തി. ശ്രീലങ്കയ്ക്ക് എതിരെ വീണ്ടും പോരാടാനാണ് പുലികൾ പദ്ധതിയിടുന്നതെന്നും അദ്ദേഹം പറഞ്ഞു. അതേസമയം, ശ്രീലങ്കയുടെ പരാമർശം നിർഭാഗ്യകരമാണെന്ന് ന്യൂഡൽഹിയിൽ വിദേശകാര്യ വക്താവ് പ്രതികരിച്ചു. ഇന്ത്യയിൽ തമിഴ്പുലികളുടെ ക്യാമ്പുകൾ പ്രവർത്തിക്കുന്നില്ല. അഭ്യൂഹങ്ങളെ അടിസ്ഥാനമാക്കി പ്രതികരിക്കരുത്, വക്താവ് പറഞ്ഞു.

ചൈനയിൽ ഭൂകമ്പം; 24 മരണം

ബെയ്ജിംഗ്: ചൈനയുടെ തെക്ക്പടിഞ്ഞാറ് മ്യാൻമർ അതിർത്തിയോട് ചേർന്നുകിടക്കുന്ന യുന്നൻ പ്രവിശ്യയിൽ ഉണ്ടായ ഭൂകമ്പത്തിൽ 24 മരണം. ഇരുന്നൂറിലധികംപേർക്ക് പരിക്കുണ്ട്. ഇതിൽ 32 പേരുടെ നിലഗുരുതരമാണ്. റിക്ടർ സ്കെയിലിൽ 5.8 രേഖപ്പെടുത്തിയ ഭൂചലനത്തിൽ യിങ്യാങ് കൗണ്ടിയിൽ 583 വീടുകളും ഹോട്ടലുകളും സൂപ്പർമാർക്കറ്റും തകർന്നു. മരിച്ചവരിൽ രണ്ടുപേർ വിദ്യാർത്ഥികളാണ്.

കെട്ടിടാവശിഷ്ടങ്ങളിൽ നിരവധിപേർ കുടുങ്ങിക്കിടക്കുകയാണ്. മേഖലയിൽ കഴിഞ്ഞ രണ്ടുമാസത്തിനിടെ ആയിരത്തോളം ചെറുചലനങ്ങൾ ഉണ്ടായിട്ടുണ്ട്.

ട്രസ്റ്റ് വിവാദം : വിശദീകരണവുമായി യെദിയൂരപ്പ

ബാംഗ്ളൂർ: മക്കളും കുടുംബാംഗങ്ങളും ഉൾപ്പെട്ട ട്രസ്റ്റിലേക്ക് കോടികൾ പിരിക്കുകയും സംഭാവന നൽകിയവർക്ക് വഴിവിട്ട് സഹായം നൽകുകയും ചെയ്തെന്ന ആരോപണം മുഖ്യമന്ത്രി ബി.എസ്. യെദിയൂരപ്പ നിഷേധിച്ചു. ആരോപണത്തെതുടർന്ന് യെദിയൂരപ്പയെ ബി.ജെ.പി ഡൽഹിയിലേക്ക് വിളിപ്പിച്ചു. എന്നാൽ ആരോപണത്തിൽ കഴമ്പില്ലെന്ന് പാർട്ടി വക്താവ് എസ്.എസ്. അലുവാലിയ ഡൽഹിയിൽപറഞ്ഞു.

തെലുങ്കാന പ്രകടനം അക്രമാസക്തമായി

ഹൈദരാബാദ്: നിരോധനം വകവയ്ക്കാതെ തെലുങ്കാന അനുകൂലികളായ ആയിരക്കണക്കിന് പ്രക്ഷോഭകർ ഹൈദരാബാദിലെ ടാങ്ക്ബണ്ട് റോഡിലേക്ക് മാർച്ച് നടത്തി. ബാരിക്കേഡുകളും മുള്ളുവേലികളും തകർത്തുനീങ്ങിയ ജനക്കൂട്ടം പൊലീസുമായി ഏറ്റുമുട്ടുകയും ചെയ്തു. പത്തുലക്ഷം പേർ പങ്കെടുക്കാനിരുന്ന പ്രകടനം പൊലീസ് നിരോധിക്കുകയും പ്രവർത്തകരെയും നേതാക്കളെയും വഴിയിൽ തടയുകയും ചെയ്തതിനാൽ 15000ത്തോളം പേരാണ് പങ്കെടുത്തത്.

കാശ്മീരിൽ കൊടുംഭീകരൻ കൊല്ലപ്പെട്ടു

ശ്രീനഗർ : ഭീകരസംഘടനയായ ജയ്ഷെ ഇ മുഹമ്മദിന്റെ സ്വയം പ്രഖ്യാപിത ചീഫ് കമാൻഡർ സജാദ് അഫ്ഗാനി സുരക്ഷാസേനയുമായുള്ള ഏറ്റുമുട്ടലിൽ വെടിയേറ്റ് മരിച്ചു.

ബി. ബി. സി സംഘത്തെ ഗദ്ദാഫിപക്ഷം വധിക്കാനൊരുങ്ങി

ലണ്ടൻ : ലിബിയയിൽ കലാപം രൂക്ഷമായ സാവിയ നഗരത്തിലേക്ക് പോവുകയായിരുന്ന ബി.ബി.സി സംഘത്തെ ഗദ്ദാഫി പക്ഷക്കാരായ സൈനികർ പിടികൂടി. 21 മണിക്കൂർ കസ്റ്റഡിയിൽ വച്ചിരുന്ന സംഘത്തെ പല കേന്ദ്രങ്ങളിൽ കൊണ്ടുപോയി ഭീഷണിപ്പെടുത്തുകയും തോക്കുചൂണ്ടി വധിക്കാൻ ഒരുങ്ങുകയും ചെയ്തു.

സാവിയ നഗരത്തിന് പത്തുകിലോമീറ്റർ അകലെവച്ചാണ് ബി.ബി.സിയുടെ അറബിക് സംഘത്തെ തടഞ്ഞത്. കിട്ടിയപാടെ മർദ്ദിച്ചു. പിന്നെ പല കേന്ദ്രങ്ങളിൽ കൊണ്ടുപോയി. അവിടെയെല്ലാം സൈനികർ പിടികൂടി മർദ്ദിച്ച് അവശരാക്കിയ പ്രക്ഷോഭകാരികൾ ഉണ്ടായിരുന്നു.

ചൊവ്വാഴ്ച ട്രിപ്പോളിയിലെ ബഹുനില മന്ദിരത്തിലേക്കാണ് കൊണ്ടുപോയത്. ലിബിയയുടെ രാജ്യാന്തര ഇന്റലിജൻസ് ഏജൻസിയുടെ ആസ്ഥാന മന്ദിരമായിരുന്നു അത്. അവിടെവച്ച് ബി.ബി.സി സംഘത്തോട് ചുമരോട് ചേർന്ന് തലകുനിച്ച് നിരയായി നിൽക്കാൻ ആജ്ഞാപിച്ചു. മെഷിൻ ഗണ്ണുമായി എത്തിയ സൈനികൻ ഓരോരുത്തരുടെയും കഴുത്ത് നോക്കി ഉന്നംപിടിച്ചു. നിരന്നുനിന്നവരിൽ വലത്തേ അറ്റത്തായിരുന്ന കോബ് സ്മിത്തിന്റെ മുന്നിൽ എത്തിയപ്പോൾ രണ്ടുവട്ടം നിറയൊഴിച്ചു. ചെവിയോട് ചേർന്ന് പാഞ്ഞ ബുള്ളറ്റുകൾ ചുവരിൽ തറച്ചു. പാലസ്തീൻ വംശജനായ ഫെറനയ കിലാനിയെ ബ്രിട്ടീഷ് ചാരനെന്ന് പറഞ്ഞ് മർദ്ദിച്ചു. വെടിവച്ചുകൊല്ലാനായി മുട്ടുകുത്തി ഇരിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. പിന്നീട് സംഘത്തെ ലിബിയയ്ക്ക് പുറത്താക്കി.

അതേസമയം, ഇന്നലെ നടന്ന രൂക്ഷ പോരാട്ടത്തിൽ എണ്ണനഗരമായ സാവിയ ഗദ്ദാഫിപക്ഷം തിരിച്ചുപിടിച്ചു.

വിമാന വിലക്കിന് അമേരിക്ക തയ്യാർ

ലിബിയയ്ക്കുചുറ്റും വ്യോമനിരോധനം ഏർപ്പെടുത്തണമെന്ന നിർദ്ദേശം ചർച്ച ചെയ്യാൻ നാറ്റോ രാജ്യങ്ങളുടെ പ്രതിരോധ മന്ത്രിമാർ സമ്മേളിക്കാനിരിക്കേ വെറും രണ്ടുദിവസംകൊണ്ട് ഉപരോധം പ്രാബല്യത്തിൽ വരുത്താൻ അമേരിക്കൻ സൈന്യം സജ്ജമാണെന്ന് അമേരിക്കൻ ജനറൽ റെയ്മണ്ട് ഒഡീർനോ പറഞ്ഞു.

അറിയിപ്പുകൾ

ഒരേസമയം ഒരു സ്കോളർഷിപ്പ് മാത്രം

തിരുവനന്തപുരം

സംസ്ഥാനത്തെ സർവകലാശാലകളോട് ബന്ധപ്പെട്ടിരിക്കുന്ന ഗവൺമെന്റ്/എയ്ഡഡ് ആർട്ട്സ് ആൻഡ് സയൻസ് കോളേജുകളിലെയും യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റുകളിലെയും ഹയർ സെക്കൻഡറി സ്കൂളുകളിലെയും വിദ്യാർത്ഥികൾ പലരും വിവിധ സ്കോളർഷിപ്പുകൾക്ക് ഒരേ സമയം ഓൺലൈനായി അപേക്ഷിച്ചിട്ടുണ്ട്.

നിലവിലുള്ള നിയമങ്ങളും മാനദണ്ഡങ്ങളും അനുസരിച്ച് ഒരേസമയം ഒരു സ്കോളർഷിപ്പു മാത്രമേ കൈപ്പറ്റാവൂ. പല സ്കോളർഷിപ്പുകൾക്കും ഒരേസമയം അപേക്ഷിച്ച വിദ്യാർത്ഥികൾക്ക് താഴെ പറയുന്ന മുൻഗണനാക്രമത്തിൽ ഏതെങ്കിലും ഒരു സ്കോളർഷിപ്പ് കൈപ്പറ്റാം. സ്കോളർഷിപ്പുകളുടെ വിവരങ്ങൾ ചുവടെ - സുവർണ ജൂബിലി സ്കോളർഷിപ്പ്, മുസ്ലീം ഗേൾസ്(ഹോസ്റ്റലർ), സെൻട്രൽ സെക്ടർ, മുസ്ലീം ഗേൾസ്(ഡിഗ്രി/പി.ജി), പോസ്റ്റ് മെട്രിക്(ഡിഗ്രി/പി.ജി), പോസ്റ്റ് മെട്രിക് M.Phil/Phd, ഹിന്ദി സ്കോളർഷിപ്പ്, സംസ്കൃത സ്കോളർഷിപ്പ്, സ്റ്റേറ്റ് മെരിറ്റ്.

ഹയർസെക്കൻഡറി തലത്തിൽ പഠിക്കുന്നവർക്ക് താഴെ പറയുംപ്രകാരം അപേക്ഷ പരിഗണിക്കും. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്, ജില്ലാ മെരിറ്റ് സ്കോളർഷിപ്പ്, ടീച്ചേഴ്സ് മെരിറ്റ്-പ്ലസ് വൺ, പ്ലസ് ടു, ഡിഗ്രി, പി.ജി ആൻഡ് പ്രൊഫഷണൽ, മുസ്ലീം - നാടാർ. പരാതി ഉണ്ടെങ്കിൽ www.dcescholarship@gmail.com സൈറ്റിൽ മാർച്ച് 19 ന് മുൻപ് അയക്കണം.

സിവിൽ സർവീസ് പരീക്ഷാ പരിശീലനം

2011ൽ നടന്ന സിവിൽ സർവീസ് മെയിൻ പരീക്ഷയിൽ വിജയിച്ച പട്ടികജാതി/വർഗ/മറ്റു പിന്നാക്ക വിഭാഗക്കാർക്ക് യു.പി.എസ്.സിയുടെ അഭിമുഖത്തിനുള്ള പരിശീലനത്തിന് അപേക്ഷിക്കാം.

ജൂൺ 12 ന് യു.പി.എസ്.സി നടത്തുന്ന സിവിൽ സർവീസ് ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് ജയിക്കുന്ന പട്ടികജാതി വർഗക്കാർക്ക് കേരളത്തിലും അന്യസംസ്ഥാനങ്ങളിലും ഉള്ള സിവിൽ സർവീസ് പരിശീലനകേന്ദ്രങ്ങളിൽ ചേർന്ന് അവസാന പരീക്ഷ എഴുതുന്നതിന് തിരുവനന്തപുരം പി.ടി.പി നഗറിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി പഠനചെലവ് വഹിക്കും. 2012 ലെ പ്രവേശനത്തിന് മേയിൽ വിജ്ഞാപനം ചെയ്യും. തിരഞ്ഞെടുക്കുന്നവർക്ക് സൗജന്യ താമസം, ഭക്ഷണം, പോക്കറ്റ്മണി, യൂണിഫോം, ബുക്ക് അലവൻസ്, നൽകും. വിശദവിവരങ്ങൾക്ക് : 0471-2360272, 8893064645.

റോഡ് സേഫ്റ്റി ക്ലാസ്

റോഡ് സേഫ്റ്റി അതോറിട്ടിയുടെ നേതൃത്വത്തിൽ തിരുവനന്തപുരം ജില്ലയിലെ അമ്പതോളം സ്കൂളുകളിലെ നോഡൽ ആഫീസർമാർക്ക് മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥർ ഇന്ന് രാവിലെ 10.30 ന് അട്ടക്കുളങ്ങരയിലുള്ള കെ.എസ്.ആർ.ടി.സിയുടെ സ്റ്റാഫ് ട്രെയിനിംഗ് സെന്ററിൽ റോഡ് സുരക്ഷാ ബോധവത്കരണ ക്ലാസ് നടത്തുമെന്ന് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ അറിയിച്ചു.

ഹയർ സെക്കൻഡറി പ്രിൻസിപ്പൽമാർക്ക് വീഡിയോ കോൺഫറൻസ്

മാർച്ചിലെ ഹയർസെക്കൻഡറി പരീക്ഷാസംബന്ധമായ ജോലികൾ പരിചയപ്പെടുത്തുന്നതിന് എഡ്യൂസാറ്റ് വഴി വീഡിയോ കോൺഫറൻസ് ഇന്ന് ഉച്ചയ്ക്ക് രണ്ട് മണിക്ക് നടത്തും. എല്ലാ ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ/ചീഫ് സൂപ്രണ്ടുമാരായി ചുമതലപ്പെടുത്തിയവർ അതത് ജില്ലാ എഡ്യൂസാറ്റ് കേന്ദ്രങ്ങളിൽ എത്തി വീഡിയോ കോൺഫറൻസിന് പങ്കെടുക്കണം. കേന്ദ്രങ്ങൾ : തിരുവനന്തപുരം - ഡി.ആർ.സി.ജഗതി, ഡയറ്റ് ആറ്റിങ്ങൽ. കൊല്ലം - ഡിസ്ട്രിക്ട് ഓഫീസ് ഐ.റ്റി അറ്റ് സ്കൂൾ, ഗവൺമെൻറ് എസ്.എൻ.യു.പി.എസ്., പട്ടത്താനം. പത്തനംതിട്ട - ഡയറ്റ് തിരുവല്ല. ആലപ്പുഴ - ഗവ.മുഹമ്മദൻ എച്ച്.എസ്.എസ്. കോട്ടയം - ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാൾ. ഇടുക്കി - ഡയറ്റ് തൊടുപുഴ. എറണാകുളം - റീജിയണൽ റിസോഴ്സ് സെന്റർ ഇടപ്പള്ളി. തൃശൂർ - ജില്ലാ ഓഫീസ് ഐ.റ്റി അറ്റ് സ്കൂൾ ഗവ.മോഡൽ ബോയ്സ് എച്ച്.എസ്.എസ്. പാലക്കാട് - ജി.എച്ച്.എസ്.എസ് ഒറ്റപ്പാലം ഈസ്റ്റ്. മലപ്പുറം - ജില്ലാ ഓഫീസ് ഐ.റ്റി അറ്റ് സ്കൂൾ സിവിൽ സ്റ്റേഷൻ. കോഴിക്കോട് ജില്ലാ ഓഫീസ് ഐ.റ്റി അറ്റ് സ്കൂൾ സിവിൽ സ്റ്റേഷൻ കോഴിക്കോട്. കണ്ണൂർ - ഡയറ്റ് പാലയാട്. വയനാട് - ജില്ലാ ഓഫീസ് ഐ.റ്റി അറ്റ് സ്കൂൾ ജി.എച്ച്.എസ്.എസ് പനമരം. കാസർകോട് - ജില്ലാ ഓഫീസ് ഐ.റ്റി അറ്റ് സ്കൂൾ പ്രോജക്ട്, പുളിങ്കുന്ന്.

സിവിൽ സർവീസസ് മുഖാമുഖം ചർച്ച

തിരുവനന്തപുരം : യൂണിയൻ പബ്ളിക് സർവീസ് കമ്മിഷൻ 2010 ഒക്ടോബർ-നവംബറിൽ നടത്തിയ സിവിൽ സർവീസസ് മെയിൻ പരീക്ഷയിൽ വിജയിച്ചവർക്കുള്ള ഇന്റർവ്യൂ പരിശീലനവും മുഖാമുഖം ചർച്ചയും മാർച്ച് മൂന്നാംവാരം സെന്റർ ഫോർ കരിയർ ഡെവലപ്പ്മെന്റ് സ്റ്റഡീസിൽ നടത്തും. താത്പര്യമുള്ള മെയിൻ പരീക്ഷാ ജേതാക്കൾ പുളിമൂട്, ജി.പി.ഒ ലെയ്നിലെ സെന്റർ ഫോർ കരിയർ ഡെവലപ്പ്മെന്റ് സ്റ്റഡീസ് ഡയറക്ടറുമായി (സി.സി.ഡി.എസ്) 19ന് മുമ്പായി നേരിട്ട് ബന്ധപ്പെടണം. ഫോൺ: 0471 2469020, 2468958.

ഡെപ്യൂട്ടി കളക്ടർ പരീക്ഷാ ഓൺലൈൻ പരിശീലനം

സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരള ഐ.ടി @ സ്കൂളിന്റെ സഹകരണത്തോടെ എഡ്യൂസാറ്റ് വഴി നൽകുന്ന പരിശീലനം പി. ആർ.ഡി ഡയറക്ടർ നന്ദകുമാർ ഉദ്ഘാടനം ചെയ്തു. ചേരാൻ ആഗ്രഹിക്കുന്നവർ www.ccek.org എന്ന വെബ്സൈറ്റ് പരിശോധിച്ച് രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കണം. ഫോൺ: 0471 2313065, 2311654.

സൗജന്യഗ്ളോക്കോമ ക്യാമ്പ്

കൊച്ചി : ലോക ഗ്ളോക്കോമ ദിനാചരണത്തിന്റെ ഭാഗമായി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് മെഡിക്കൽ സയൻസസിൽ സൗജന്യ ഗ്ളോക്കോമ നിർണയ പരിശോധനാ ക്യാമ്പ് നടത്തുന്നു. 13ന് രാവിലെ 8.30 മുതൽ 12.30 വരെ ഒഫ്താൽമോളജി വിഭാഗത്തിലാണ് ക്യാമ്പ്. ഫോൺ : 0484-4001050, 08907889144.

കേരള യൂണിവേഴ്സിറ്റി

ബി.ടെക് പരീക്ഷയ്ക്ക് അപേക്ഷിക്കാം

മേയ് 10ന് തുടങ്ങുന്ന ഒന്നും രണ്ടും സെമസ്റ്റർ ബി.ടെക് (റഗുലർ, ഇംപ്രൂവ്മെന്റ് ആൻഡ് സപ്ലിമെന്ററി 2008 സ്കീം), ഏപ്രിൽ 26ന് തുടങ്ങുന്ന നാലാം സെമസ്റ്റർ ബി.ടെക് (റഗുലർ, ഇംപ്രൂവ്മെന്റ് ആൻഡ് സപ്ലിമെന്ററി 2008 സ്കീം), മേയ് 11ന് തുടങ്ങുന്ന ആറാം സെമസ്റ്റർ ബി.ടെക് (റഗുലർ 2008 സ്കീം) പരീക്ഷകൾക്ക് പിഴകൂടാതെ മാർച്ച് 23 (50 രൂപ പിഴയോടെ മാർച്ച് 25, 250 രൂപ പിഴയോടെ മാർച്ച് 28) വരെ അപേക്ഷിക്കാം. കമ്പയിൻഡ് ഒന്നും രണ്ടും സെമസ്റ്റർ, നാലാം സെമസ്റ്റർ എന്നിവയ്ക്ക് ആപ്ലിക്കേഷൻ ഫോം മുഖേനയും ആറാം സെമസ്റ്ററിന് ഓൺലൈൻ മുഖേനയുമാണ് അപേക്ഷിക്കേണ്ടത്. ഓൺലൈൻ രജിസ്ട്രേഷൻ വെബ്സൈറ്റ് (www.kucc.keralaunivesity.edu) വഴി നടത്താം.

എം.എ/എം.എസ്‌സി/എം.കോം (ഐ.ഡി.ഇ) പരീക്ഷ

ഏപ്രിൽ 29ന് തുടങ്ങുന്ന വിദൂരപഠന എം.എ/എം.എസ്‌സി/എം.കോം (2002-2005 അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷയ്ക്ക് പിഴകൂടാതെ ഏപ്രിൽ 25, 50 രൂപ പിഴയോടെ ഏപ്രിൽ 27, 250 രൂപ പിഴയോടെ ഏപ്രിൽ 29 വരെ അപേക്ഷിക്കാം. പരീക്ഷാ തീയതിയും വിശദമായ ടൈംടേബിളും പിന്നീട് അറിയിക്കും. പരീക്ഷാഫീസായി ഓരോ പേപ്പറിനും 250 രൂപ, രജിസ്ട്രേഷൻ ഫീസ് 75 രൂപ (പ്രീവിയസിനും ഫൈനലിനും), വൈവയ്ക്ക് 125 രൂപ, മാർക്ക് ലിസ്റ്റിന് 100 രൂപ (പ്രീവിയസിനും ഫൈനലിനും), ഡെസർട്ടേഷന് 250 രൂപ, അഡിഷണൽ ഫീസായി 300 രൂപ (പ്രീവിയസിനും ഫൈനലിനും). തമിഴ്, ഫിലോസഫി, ഹിസ്റ്ററി, പബ്ലിക് അഡ്മിനിസ്ട്രേഷൻ എന്നീ വിഷയങ്ങൾക്ക് മേഴ്സി ചാൻസ് പരീക്ഷ ഉണ്ടായിരിക്കുന്നതല്ല.

ബി.ഫാം പരീക്ഷ

ഏപ്രിൽ അഞ്ചിന് ആരംഭിക്കുന്ന അവസാനവർഷ ബി.ഫാം (റഗുലർ) പരീക്ഷയ്ക്ക് പിഴകൂടാതെ മാർച്ച് 19 (50 രൂപ പിഴയോടെ മാർച്ച് 22) 250 രൂപ പിഴയോടെ മാർച്ച് 24) വരെയും ഏപ്രിൽ 25ന് തുടങ്ങുന്ന മൂന്നാം ബി.ഫാം (റഗുലർ) പരീക്ഷയ്ക്ക് പിഴയില്ലാതെ മാർച്ച് 24 (50 രൂപ പിഴയോടെ മാർച്ച് 26, 250 രൂപ പിഴയോടെ മാർച്ച് 29) വരെയും അപേക്ഷിക്കാം. പരീക്ഷാഫീസിനു പുറമെ 300 രൂപ സി.വി ക്യാമ്പ് ഫീസ് അടയ്ക്കണം.

ബി.ഫാം പരീക്ഷാഫലം

നവംബറിൽ നടത്തിയ മൂന്നാം വർഷ ബി.ഫാം (സപ്ലിമെന്ററി) പരീക്ഷാഫലം വെബ്സൈറ്റിലും (www.keralauniversity.ac.in) പരീക്ഷാകേന്ദ്രങ്ങളിലും ലഭിക്കും. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ നാല് വരെ അപേക്ഷിക്കാം.

പഞ്ചവത്സര എൽഎൽ.ബി പരീക്ഷാഫലം

സെപ്തംബറിൽ നടത്തിയ നാലാം സെമസ്റ്റർ (പഞ്ചവത്സരം) എൽഎൽ.ബി പരീക്ഷാഫലം വെബ്സൈറ്റിലും (www.kerala university.ac.in) പരീക്ഷാകേന്ദ്രങ്ങളിലും ലഭിക്കും. പുനർമൂല്യ നിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 12 വരെ അപേക്ഷിക്കാം.

ബി.പി.ടി: പുതുക്കിയ പരീക്ഷാതീയതി

ഏപ്രിൽ 13ന് തുടങ്ങാനിരുന്നതും മാറ്റിവച്ചതുമായ അഞ്ചാം സെമസ്റ്റർ ബി.പി.ടി (ബാച്ചിലർ ഒഫ് ഫിസിയോതെറാപ്പി) പരീക്ഷ ഏപ്രിൽ 20ന് ആരംഭിക്കും. പുതുക്കിയ ടൈംടേബിൾ പരീക്ഷാകേന്ദ്രങ്ങളിലും ഇൻഫർമേഷൻ കേന്ദ്രങ്ങളിലും ലഭിക്കും.

കോളേജ് പ്രിൻസിപ്പൽമാർക്ക് ദ്വിദിന ശില്പശാല

കേരളത്തിലെ വിവിധ സർവകലാശാലകളുടെ പരിധിയിൽ വരുന്ന കോളേജ് പ്രിൻസിപ്പൽമാർക്കുവേണ്ടി കേരള സർവകലാശാല അക്കാഡമിക് സ്റ്റാഫ് കോളേജിൽ മാർച്ച് 21, 22 തീയതികളിൽ ദ്വിദിന ശില്പശാല നടത്തും. അപേക്ഷാഫാറവും വിശദവിവരങ്ങളും കാര്യവട്ടം കാമ്പസിലെ അക്കാഡമിക് സ്റ്റാഫ് കോളേജിൽ നിന്നോ വെബ്സൈറ്റിൽ (www.keralauniversity.ac.in/ugcasc) നിന്നോ ലഭിക്കും.

അപേക്ഷകൾ ഡയറക്ടർ, അക്കാഡമിക് സ്റ്റാഫ് കോളേജ്, യൂണിവേഴ്സിറ്റി ഒഫ് കേരള, കാര്യവട്ടം 695 581 എന്ന വിലാസത്തിൽ മാർച്ച് 15ന് മുമ്പ് തപാലിലോ ഇ-മെയിലിലോ അയയ്ക്കണം.

എം.ഫാം പരീക്ഷ

ഏപ്രിൽ 18ന് തുടങ്ങുന്ന എം.ഫാം പാർട്ട് ഒന്ന് (റഗുലർ) പരീക്ഷയ്ക്ക് പിഴയില്ലാതെ മാർച്ച് 24 (50 രൂപ പിഴയോടെ മാർച്ച് 26, 250 രൂപ പിഴയോടെ മാർച്ച് 29) വരെ അപേക്ഷിക്കാം.

പരീക്ഷാഫലം

എം.ജി

2010 ഡിസംബർ മാസത്തിൽ നടത്തിയ ഒന്നാം പ്രൊഫഷണൽ ബി.എ.എം.എസ് സപ്ലിമെന്ററി ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 11 വരെ അപേക്ഷിക്കാം.

2010 സെപ്തംബർ മാസത്തിൽ നടത്തിയ അവസാന സെമസ്റ്റർ എം.എസ്‌സി ഫിസിയോളജി ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. അങ്കമാലി ലിസാറിലെ സാലിഹാ സി.കെ ഒന്നാം റാങ്ക് നേടി. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 8 വരെ അപേക്ഷിക്കാം.

2011 ജനുവരി മാസത്തിൽ സ്കൂൾ ഒഫ് പ്യുവർ ആൻഡ് അപ്ലൈഡ് ഫിസിക്സിൽ ക്രെഡിറ്റ് ആൻഡ് സെമസ്റ്റർ രീതിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്‌സി ഫിസിക്സ് (റെഗുലർ ആൻഡ് ഇംപ്രൂവ്മെന്റ്) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.

2010 ജൂണിൽ നടത്തിയ ഒന്നാം പ്രൊഫഷണൽ ബി.എ.എം.എസ് സപ്ലിമെന്ററി ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 11 വരെ അപേക്ഷിക്കാം.

2010 ജൂണിൽ നടത്തിയ എം.എ ഇക്കണോമിക്സ് ഒന്നാം സെമസ്റ്റർ (പ്രൈവറ്റ്), രണ്ടാം സെമസ്റ്റർ (റെഗുലർ, പ്രൈവറ്റ്, സപ്ലിമെന്ററി റെഗുലർ ആൻഡ് പ്രൈവറ്റ്) മേഴ്സി ചാൻസ് (ഒന്നാം വർഷ ആനുവൽ സ്കീം / രണ്ടാം സെമസ്റ്റർ) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 8 വരെ അപേക്ഷിക്കാം

പരീക്ഷ പുനഃക്രമീകരിച്ചു

കലിക്കറ്റ്

മാർച്ച് 15മുതൽ നടത്താൻ നിശ്ചയിച്ച ബി.എ, ബി.എ അഫ്സൽ ഉൽ ഉലമ ഇൻ അറബിക് ഡിഗ്രി അവസാനവർഷ (റഗുലർ/സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ് പരീക്ഷകൾ മാർച്ച് 17ന് ആരംഭിക്കും. പരീക്ഷാ സമയം രാവിലെ 9.30 മുതൽ 12.30 വരെ.

ബി.ടെക് പരീക്ഷ

ബി.ടെക് ആറാം സെമസ്റ്റർ 2കെ സ്കീം, 2004 സ്കീം സപ്ലിമെന്ററി പരീക്ഷകൾ യഥാക്രമം മാർച്ച് 16,18 തിയതികളിൽ ആരംഭിക്കും.

ബി.ആർക്ക് പരീക്ഷ

ബി.ആർക്ക് ആറാം സെമസ്റ്റർ 2004 സ്കീം (റഗുലർ/സപ്ലിമെന്ററി), 2കെ സ്കീം സപ്ലിമെന്ററി പരീക്ഷകൾ മാർച്ച 16ന് ആരംഭിക്കും.

ബി.ആർക്ക് ഒമ്പതാം സെമസ്റ്റർ 2004 സ്കീം (റഗുലർ/സപ്ലിമെന്ററി), 2കെ സ്കീം (സപ്ലിമെന്ററി) പരീക്ഷകൾ മാർച്ച 16ന് ആരംഭിക്കും.

ടെലികോം അദാലത്ത്

തിരുവനന്തപുരം : മാർച്ചിൽ നടക്കുന്ന ബി.എസ്.എൻ.എൽ കേരള സർക്കിൾ ടെലികോം അദാലത്തിൽ എസ്. എസ്. എ ലെവലിൽ ഒത്തുതീരാത്ത കേസുകൾ മാത്രമേ സ്വീകരിക്കൂ എന്ന് ബന്ധപ്പെട്ടവർ അറിയിച്ചു. വിശദമായ പരാതികൾ മാർച്ച് 25 ന് മുമ്പ് എ.ജി.എം (പി.ജി) ഓഫീസ് ഒഫ് ചീഫ് ജനറൽ മാനേജർ, ടെലികോം ബി.എസ്.എൻ.എൽ, തിരുവനന്തപുരം-33 എന്ന വിലാസത്തിൽ അയയ്ക്കുക. തീയതിയും സ്ഥലവും പരാതിക്കാരെ അറിയിക്കും.

സൗജന്യ കംപ്യൂട്ടർ പരിശീലനം

തിരു: ശാസ്ത്ര സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്ന സൗജന്യ കംപ്യൂട്ടർ പരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു. ഡി.ടി.പി (മലയാളം, ഇംഗ്ളീഷ്), എം. എസ് ഓഫീസ്, ഗൾഫ് പാക്കേജ്, ഡാറ്റാ എൻട്രി, ഫണ്ടമെന്റൽസ് ഒഫ് കംപ്യൂട്ടർ, കോറൽഡ്രോ, ഫോട്ടോഷോപ്പ്, വേഡ് പ്രോസസിംഗ് എന്നിവയിൽ ഇഷ്ടമുള്ള നാല് വിഷയങ്ങൾ സൗജന്യമായി പഠിക്കാം. പാറ്റൂർ, ഓവർബ്രിഡ്ജ് എന്നീ സെന്ററുകളിൽ ക്ളാസുകൾ ഉണ്ടാകും.

അപേക്ഷാഫോമിനും വിശദവിവരങ്ങൾക്കും ഫോൺ: 2471311 93494പർഹഴപ70540.

അപ്രന്റിസ്ഷിപ്പ് ട്രേഡ് ടെസ്റ്റ്

ഏപ്രിലിൽ നടത്തുന്ന അഖിലേന്ത്യാ അപ്രന്റിസ്ഷിപ്പ് ട്രേഡ് ടെസ്റ്റിന് ഏപ്രിൽ 15ന് അപ്രന്റിസ്ഷിപ്പ് പൂർത്തിയാകുന്നവർക്ക് പങ്കെടുക്കാം. മാർച്ച് 25 വരെ പരീക്ഷാ ഫീസ് സംസ്ഥാനത്തെ മുഴുവൻ ആർ.ഐ സെന്ററുകളിലും ചെന്നീർക്കര, കട്ടപ്പന, കല്പറ്റ, അരീക്കോട്, കാസർകോട് ഐ.ടി.ഐകളിലും അടയ്ക്കാം. ഇതു സംബന്ധിച്ച കൂടുതൽ വിവരം തിരുവനന്തപുരം ട്രെയിനിംഗ് ഡയറക്ടറേറ്റിലും www. det. kerala.gov.in വെബ്സൈറ്റിലും ലഭിക്കും.

നാഷണൽ ടാലന്റ് സെർച്ച് പരീക്ഷാപരിശീലനം

തിരുവനന്തപുരം ചാരാച്ചിറ സിവിൽ സർവീസ് അക്കാഡമിയിൽ എട്ടാം ക്ലാസ് വിദ്യാർത്ഥികൾക്കായി മേയ് എട്ടിന് നടക്കുന്ന നാഷണൽ ടാലന്റ് സെർച്ച് ദേശീയതല പരീക്ഷയ്ക്കുള്ള പരിശീലനം ഏപ്രിൽ രണ്ടിന് ആരംഭിക്കും. രാവിലെ 9.30 മുതൽ വൈകിട്ട് 4.15 വരെയാണ് ക്ലാസ്. കോഴ്സ് ഫീസ് 2500 രൂപ. വിലാസം : ഡയറക്ടർ, സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരള, ആനത്തറ ലെയ്ൻ, ചാരാച്ചിറ, കവടിയാർ പി.ഒ, തിരുവനന്തപുരം. ഫോൺ 0471 2313065, 2311654.

അറ്റസ്റ്റേഷൻ ക്യാമ്പ്

നോർക്ക - റൂട്ട്സിന്റെ ജില്ലാതല അറ്റസ്റ്റേഷൻ ക്യാമ്പ് മാർച്ച് 18ന് രാവിലെ 10 മുതൽ രണ്ട് വരെ തൃശൂർ അയ്യന്തോളിലെ ജില്ലാ വ്യവസായ കേന്ദ്ര കോൺഫറൻസ് ഹാളിൽ നടത്തും. എസ്.എസ്.എൽ.സി മുതലുള്ള എല്ലാ രേഖകളുടെയും അസൽ, പകർപ്പുകൾ, പാസ്പോർട്ട് വലിപ്പത്തിലെ ഫോട്ടോ, പാസ്പോർട്ട്, നഴ്സിംഗ് മുതലായവ പഠിച്ചവർ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കണം. ഫോൺ : 0484 - 2371810, 2371830.

വിമാനസമയത്തിൽ മാറ്റം

തിരുവനന്തപുരം : ഇന്നും 17-നുമിടയ്ക്ക് എയർ ഇന്ത്യ രാജ്യാന്തര വിമാന സർവീസുകളുടെ സമയത്തിൽ മാറ്റമുണ്ടാകും.ചെന്നൈ-തിരുവനന്തപുരം വൈകിട്ട് 7.30ന് വരേണ്ട വിമാനം 6.35 ന് വരും. തിരുവനന്തപുരം-ചെന്നൈ-ബാംഗ്ളൂർ രാവിലെ 7നുള്ളത് 9.40ന് മാത്രമേ പുറപ്പെടൂ. തിരുവനന്തപുരം-ചെന്നൈ വൈകിട്ട് 4.20നുള്ളത് നാലുമണിക്ക് പുറപ്പെടും. മാർച്ച് 12ന് ചെന്നൈ-തിരുവനന്തപുരം 11.30ന് പകരം 12.15 നേ പുറപ്പെടൂ. ചെന്നൈ-ബാംഗ്ളൂർ-തിരുവനന്തപുരം വിമാനം ഇന്നു മുതൽ 13 വരെയും 17 നും രാവിലെ 11.30 നു വരേണ്ടത് ഉച്ചയ്ക്ക് 1.35നേ വരൂ. 11 മുതൽ 17 വരെ തിരു-മുംബയ് 5.30ന് പകരം 7.30ന് പുറപ്പെടും.

മെഡിക്കൽ പി. ജി കോഴ്സുകൾ

കൊച്ചി: അമൃത സ്കൂൾ ഒഫ് മെഡിസിനിൽ ഈ വർഷം ഏപ്രിൽ 9 നും 10നും നടത്താൻ തീരുമാനിച്ചിരിക്കുന്ന എം.ഡി.എസ്, എം.ഡി/എം.എസ്, പി.ജി ഡിപ്ളോമ എന്നീ കോഴ്സുകളുടെ പ്രവേശന പരീക്ഷകളുടെ അപേക്ഷകൾ ധനലക്ഷ്മി/ഫെഡറൽ ബാങ്ക് വഴി നേരിട്ടും ഓൺലൈൻവഴി കാഷ് വൗച്ചർ എന്ന സംവിധാനത്തിലൂടെയും സമർപ്പിക്കാം. അപേക്ഷകൾ www.amrita.edu വെബ്സൈറ്റിൽനിന്ന് ഡൗൺലോഡ് ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് 0484-2858037, എക്സ്റ്റൻഷൻ: 5651, 8383, 8374 എന്നീ നമ്പരുകളിൽ ബന്ധപ്പെടണം.

സംസ്ഥാനപോളി.കലോത്സവം ഇന്ന് തുടങ്ങും

തിരുവനന്തപുരം: സംസ്ഥാനപോളിടെക്നിക്ക് കലോത്സവം ഇന്നുമുതൽ 14 വരെ വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക്കിൽ നടക്കും. വൈകിട്ട് 5 ന് സിനിമാതാരം സുരാജ് വെഞ്ഞാറമൂട് കലോത്സവം ഉദ്ഘാടനം ചെയ്യും.

14 ജില്ലകളിലെ 49 പോളിടെക്നിക്കുകളിൽ നിന്നായി 3000ത്തോളം വിദ്യാർത്ഥികൾ 61 ഇനങ്ങളിൽ പങ്കെടുക്കും. പത്രസമ്മേളനത്തിൽ പോളിടെക്നിക്ക് യൂണിയൻ ചെയർമാൻ മിഥുൻ രാജ്, ജനറൽ സെക്രട്ടറി എം.വി. അരുൺ, ജനറൽ കൺവീനർ എസ്.കെ. ബെൻ ഡാർവിൻ തുടങ്ങിയവർ പങ്കെടുത്തു.

സെൻസസ് വീഴ്ച: മൂന്നുപേർക്ക് അറസ്റ്റ് വാറണ്ട്

തിരുവനന്തപുരം: സെൻസസ് ജോലികളിൽ വീഴ്ച വരുത്തിയതിന് ഹെൽത്ത് സർവീസസ് ഡയറക്ടറേറ്റിലെ എൽ.ഡി ക്ളാർക്കുമാരായ മുട്ടട കീഴേ പണയാരുവീട്ടിൽ വി.എൽ. സജിത്ത്, പള്ളിമൺ ഇലവൂർ കോണത്തുവിള വീട്ടിൽ ജി.ആർ. ബിനു, ഇറിഗേഷൻ സൗത്ത് സർക്കിൾ യു.ഡി ക്ളാർക്കായ കോട്ടയം കോതനെല്ലൂർ ഈടാട്ട് വീട്ടിൽ അനിൽ ജോൺ എന്നിവരെ അറസ്റ്റ് ചെയ്യാൻ ഉത്തരവായി.

ധന്വന്തരി അവാർഡ് ഡോ. ജ്യോതിലാലിന്

ഡോ. കെ ജ്യോതിലാൽ

തിരുവനന്തപുരം: ആയുർവേദ രംഗത്ത് മികച്ച പ്രവർത്തനം കാഴ്ചവച്ച ഡോക്ടർമാർക്ക് ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് ഏർപ്പെടുത്തിയ അവാർഡുകൾ പ്രഖ്യാപിച്ചു. തിരുവനന്തപുരം ഗവ. ആയുർവേദ കോളജിലെ റിട്ട. പ്രൊഫ. ഡോ. കെ ജ്യോതിലാലിനാണ് ധന്വന്തരി അവാർഡ്.

അഷ്ടാംഗരത്ന അവാർഡിന് ഡോ. മറ്റക്കര രാമചന്ദ്രൻനായരും (അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് മെഡിക്കൽ സയൻസ്), സ്വകാര്യ ചികിത്സാരംഗത്ത് പ്രാഗത്ഭ്യം തെളിയിച്ചവർക്കുള്ള വാഗ്ഭട അവാർഡിന് ഡോ. സുശീല സജിയും ഭാരതീയ ചികിത്സാ വകുപ്പിലെ ചരക അവാർഡിന് ഡോ. ശ്യാമകൃഷ്ണനും, ആയുർവേദകോളജുകളിലെ മികച്ച അദ്ധ്യാപകർക്കുള്ള ആത്രേയ അവാർഡിന് ഡോ.ബി. സുധികുമാറും അർഹരായി.

ആയുർവേദ മേഖലയിലെ ശ്രദ്ധേയമായ പ്രവർത്തനത്തിന് എടയ്ക്കാട് നാരായണൻ വൈദ്യൻ, ഡോ.കെ. സുരേന്ദ്രൻ നായർ, ഡോ. പി. ശങ്കരൻ കുട്ടി, ഡോ. എം. ഗോവിന്ദൻ, ഡോ. ആർ. രാമഭദ്രൻ എന്നിവർക്കും പ്രത്യേക അവാർഡുകൾ ലഭിച്ചു.

ഗവ. ലാ കോളേജിൽ പ്രോജക്ട് അസോസിയേറ്റ് ഒഴിവ്

തിരുവനന്തപുരം : നിയമത്തിൽ യു.ജി.സി ധനസഹായത്തോടെ നടപ്പാക്കുന്ന മേജർ ഗവേഷണ പ്രോജക്ടിൽ പ്രോജക്ട് അസോസിയേറ്റിന്റെ ഒഴിവിൽ മാർച്ച് 15 രാവിലെ 11ന് തിരുവനന്തപുരം ഗവ. ലാ കോളേജിൽ വാക് ഇൻ ഇന്റർവ്യൂ നടത്തും. യോഗ്യത: നിയമത്തിൽ പിഎച്ച്ഡി /ജെആർഎഫ്/ എൻഇടി. പ്രായപരിധി 40 വയസ്.